**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4563** **29-10-2021 - ൽ മറുപടിയ്ക്ക്**

**കുടിയേറ്റ കർഷകരുടെ പ്രശ്നം പരിഹരിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനമേഖലയോട് ചേർന്ന് താമസിക്കുന്ന കുടിയേറ്റ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കർഷകരുടെയും വനം ഉദ്യോഗസ്ഥരുടെയും സമിതികൾ ശക്തിപ്പെടുത്തുമോ ; വിശദമാക്കുമോ ? | (എ) | സംസ്ഥാനത്ത് വനമേഖലയോട് ചേർന്ന് താമസിക്കുന്ന കുടിയേറ്റ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേയ്ക്കായി പങ്കാളിത്ത വനപരിപാലനത്തിലൂടെ വനവൽക്കരണ വനസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നതിന്റെ ഭാഗമായി വനസംരക്ഷണ സമിതികൾ (VSSs), ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ (EDCs) രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. വനത്തിന്റെ അഭിവൃദ്ധി, വനവിഭവങ്ങളുടെ സ്ഥിരലഭ്യത ഉറപ്പാക്കുക, നിയമാനുസൃതവും നീതിപൂർവ്വവുമായ വിധം വനവിഭവങ്ങൾ വിനിയോഗിക്കുക, വനങ്ങൾ സംരക്ഷിക്കുക, വനത്തിലും, വനത്തോട് ചേർന്ന് താമസിക്കുന്ന ജനങ്ങളുടെ സഹകരണത്തോടെ പങ്കാളിത്ത വനപരിപാലനം നടത്തുക, വനാശ്രിത സമൂഹങ്ങളുടെ സാമ്പത്തിക നില മെച്ചപ്പെടുത്തുക, പങ്കാളിത്ത വനപരിപാലന പ്രദേശത്തെ കയ്യേറ്റം, കാലിമേച്ചിൽ, കാട്ടുതീ, വേട്ടയാടൽ, മോഷണം എന്നിവയിൽ നിന്നും സംരക്ഷിക്കുക, ഗ്രാമീണർക്ക് പ്രകൃതി സംരക്ഷണത്തിന്റെയും വനസംരക്ഷണത്തിന്റെയും പ്രാധാന്യം മനസ്സിലാക്കി കൊടുക്കുക മുതലയായവയാണ് വനസംരക്ഷണ സമിതികളുടെയും, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളുടെയും പ്രധാന ചുമതലകൾ, കർഷകർ അടക്കമുള്ള വനാശ്രിത സമൂഹത്തിന് ഗുണകരമായ രീതിയിൽ VSS/EDC കളുടെ പങ്കാളിത്ത വനപരിപാലന പ്രവർത്തനങ്ങൾ കാലാനുസൃതമായി വിപുലീകരിക്കാറുണ്ട്. ഇതിന്റെ ഭാഗമായി VSS/EDC കളുടെ സൂക്ഷ്മാസൂത്രണ രേഖകൾ (Micro Plans) പുതുക്കി വരുന്നു. |

സെക്ഷൻ ഓഫീസർ